# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1787

11.02.2013 ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലെ ഇ-ഗവേണൻസ്

**ചോദ്യം**

**ശ്രീ. എം.പി. വിൻസെന്റ്**

**ഉത്തരം**

**ഡോ:എം.കെ. മുനീർ**
**(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

കേരളത്തിലെ പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ?

കേരളത്തിലെ പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ വിന്യസിപ്പിക്കുന്ന പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണമെന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ കാര്യക്ഷമതയും ഭരണനിർവ്വഹണ ചടുലതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന 16-ഓളം സോഫ്റ്റ്‌വെയറുകൾ വികസിപ്പിച്ച് വിന്യസിച്ചിട്ടുണ്ട്. പ്രസ്തുത സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്തുകളിലെ ജീവനക്കാരെയും ജനപ്രതിനിധികളെയും സഹായിക്കുന്നതിനായി പരിശീലന പദ്ധതികളും, പരിശീലന സാമഗ്രികളും കിലയുടെ സാങ്കേതിക സഹായത്തോടെ നൽകി വരുന്നു. കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനത്തിനു വേണ്ടി സാങ്കേതിക സഹായം നൽകുന്നതിലേക്ക് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ആഫീസർ എന്നിവരെയും നിയമിച്ചിട്ടുണ്ട്.മാത്രമല്ല 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വീതം

നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണ ത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളായ സെർവർ, ക്ലൈയിന്റ് കമ്പ്യൂട്ടറുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും നെറ്റ്‌വർക്കിംഗ്, യു.പി.എസ് വയറിംഗ്, എർത്തിംഗ് തുടങ്ങിയ സംവിധാനങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ ഓരോ സീറ്റിലേക്കും കമ്പ്യൂട്ടർ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും **VPN/KSWAN** വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കു ന്നതിനുള്ള കണക്റ്റിവിറ്റി സംവിധാനം 972 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാ ക്കിക്കഴിഞ്ഞു. പ്രസ്തുത കണക്റ്റിവിറ്റി സംവിധാനത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഡാറ്റ അതിവേഗം ഡാറ്റാ സെന്ററിലേക്ക് അയക്കുന്നതിനും വിവിധ വെബ് സർവ്വീസുകൾ തടസ്സമില്ലാതെ പ്രവർത്തി പ്പിക്കുന്നതിനും സാധിക്കുന്നു.

സെക്ഷൻ ഓഫീസർ